"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

ഐ&പി.ആർ.ഡി ഡയറക്ടറുടെ നടപടിതീർപ്പ്

[ഹാജർ : ജാഫർ മാലിക് ഐ.എ.എസ് )

വിഷയം:- ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് - കൈരളി ടിവിയിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന മെഗാഷോയിലേക്ക് കേരള സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ പരസ്യം - പ്രോപ്പോസൽ അംഗീകരിച്ചുകൊണ്ടുള്ള 03.06.2022 -ലെ നടപടിക്രമം ഭേദഗതി വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: (1) 03.06.2022-ലെ ഇതേ നമ്പർ നടപടിതീർപ്പ്

(2) 12.07.2022-ലെ ഐ & പി. ആർ (എഫ്) വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ്

---

ഉത്തരവ് നം. ഡി3/59/2022/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം (23-08-2022)

---

സൂചന (1) നടപടി ക്രമ പ്രകാരം 2022 മെയ് 18 -ലെ കാട്ടാൽ പുസ്തകമേളയുമായി ബന്ധപ്പെട്ട് കൈരളി ടിവിയിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന മെഗാഷോയിലേക്ക് കേരള സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ പരസ്യത്തിനുള്ള പ്രോപ്പോസൽ അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) അനൗദ്യോഗിക കുറിപ്പ് പ്രകാരം പേയ്മെന്റ് അനുവദിക്കുന്നതിലേക്കായി മേൽ നടപടി തീർപ്പിൽ പെയ്മെന്റ് അനുവദിക്കേണ്ട ശീർഷകം, ടി ഡി എസ് തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ പരാമർശിത നടപടിക്രമം ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2022 മെയ് 18 -ലെ കാട്ടാൽ പുസ്തകമേളയുമായി ബന്ധപ്പെട്ട് കൈരളി ടി വി സംപ്രേക്ഷണ ചെയ്ത പരസ്യ പ്രക്ഷേപണതുകയായ 31,49,250/- രൂപയിൽ ജി.എസ്.ടി 566865/- രൂപയും ചേർത്ത് 37,16,115/-രൂപ (മുപ്പത്തി ഏഴ് ലക്ഷത്തി പതിനാറായിരത്തി നൂറ്റിപതിനഞ്ച് രൂപ മാത്രം) ഇലക്ട്രോണിക് മീഡിയാ പരസ്യങ്ങൾക്കുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും (2220-60-101-97-02-നോൺ പ്ലാൻ) അനുവദിച്ച് ഉത്തരവാകുന്നു. പരസ്യ പ്രക്ഷേപണതുകയായ 31,49,250/- രൂപയിൽ 2% ടി.ഡി.എസ് ഇനത്തിൽ 62985/- കുറവ് ചെയ്ത് ജി.എസ്.ടി 566865/- രൂപയും ചേർത്ത് 36,53,130/- രൂപ (മുപ്പത്താറ് ലക്ഷത്തി അമ്പത്തിമൂവായിരത്തി നൂറ്റിമുപ്പത് രൂപ മാത്രം) കൈരളി ടി.വിയുടെയും ടി.ഡി.എസ് തുക 62985/- (അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എൺപത്തഞ്ച് രൂപ) ഇൻകം ടാക്സ് കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്യേണ്ടതാണ്.

മേൽ ഭേദഗതികളോടെ പരാമർശിത നടപടിക്രമം നിലനിൽക്കുന്നതാണ്.

JAFAR MALIK I A S
DIRECTOR

കൈരളി ടി.വി, മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

<u>പകർപ്പ്:</u>

വിവര-പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്

വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ യ്ക്ക്

വിവര-പൊതുജന സമ്പർക്ക (എഫ്) വകുപ്പ് (ബില്ലുകൾ സഹിതം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിംഗ്

ഇൻഫർമേഷൻ ഓഫീസർ (പരസ്യം & മാർക്കറ്റിംഗ്)

ഐ&പി.ആർ.ഡി വെബ് സൈറ്റ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി